"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീ.ദർശൻ ലാൽ വി യ്ക്ക് 07/02/2023 തീയതി പ്രാബല്യത്തിൽ രാജി അനുവദിക്കുന്നതിന് കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ എ) വകുപ്പ്

സ.ഉ.(സാധാ) നം.1101/2024/AGRI തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.01.2017- ലെ SE(1) 49860/2013 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/04/2023 ലെ ADFW/6756/2022-SE1 നമ്പർ കത്ത്.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/05/2024 ലെ ADFW/6756/2022-SE1 നമ്പർ കത്ത്.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 02/11/2024 ലെ ADFW/6756/2022-SE1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം 15.02.2017 മുതൽ ശൂന്യവതേനാവധിയിലായിരുന്ന കുലശേഖരം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീ. ദർശൻലാൽ വി . ക്ക് വ്യക്തിപരമായ കാരണങ്ങളാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യമാണെന്നും ആയതിനാൽ ജോലിയിൽ നിന്ന് പിരിഞ്ഞുപോകുവാൻ അനുവദിക്കണമെന്നും ശൂന്യവേതനാവധി കഴിഞ്ഞ് ടിയാൻ തിരികെ സർവ്വീസിൽ പ്രവേശിക്കാത്തതിനാൽ ടിയാൾക്കെതിരെ 30.12.2020-ലെ 83/2020/ധന നമ്പർ സർക്കുലർ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റപത്രം നൽകിയെങ്കിലും ടിയാൾ ആയത് കൈപ്പറ്റി മറുപടി നൽകിയിട്ടില്ലെന്നും അതിനാൽ പിരിഞ്ഞു പോകുന്നതിനുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കാമോ എന്നതിന്മേൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് അഭ്യർത്ഥിക്കുകയുണ്ടായി.

2\. ശ്രീ ദർശൻലാൽ വി കൃഷി അസിസ്റ്റന്റ് വിദേശത്തുള്ള പങ്കാളിയോടൊപ്പം

താമസിക്കുന്നതിനാണ് ശൂന്യവേതനവധി എടുത്തിട്ടുള്ളത് എന്നും ടിയാൾക്കെതിരെ വകുപ്പുതല നടപടി /വിജിലൻസ് കേസ് എന്നിവ ഇല്ല എന്നും ടിയാൻ വ്യക്തിപരമായ കാരണങ്ങളാലാണ് തിരികെ സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാതെ പിരിഞ്ഞു പോകുന്നതിനു അപേക്ഷിച്ചിട്ടുള്ളത് എന്നും ആയതു രാജിക്കത്തായി പരിഗണിക്കണമെന്നും ടിയാൾക്കെതിരെ വകുപ്പുതല ബാദ്ധ്യതകൾ ഒന്നും തന്നെ നിലനിൽക്കുന്നില്ല എന്നും പരാമർശം (3), (4) കത്തുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) കത്തിന്റെ അടിസ്ഥാനത്തിൽ രാജി അനുവദിക്കുന്ന അധികാരിയുടെ സമ്മതം കൂടാതെ ടിയാന് സർക്കാർ വകുപ്പുകളിൽ മറ്റ് ജോലികൾ അനുവദിക്കാൻ പാടില്ല" എന്ന നിബന്ധനയോടെ , കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 10 (b)(iii) , കെ. എസ്. ആർ ഭാഗം I ചട്ടം 23 ന് ചുവടെയുള്ള സർക്കാർ തീരുമാനം (a, b) എന്നിവ പ്രകാരം കൃഷി അസിസ്റ്റന്റ് ശ്രീ.ദർശൻ ലാൽ വി സമർപ്പിച്ച രാജിക്കത്തിന്റെ അടിസ്ഥാനത്തിൽ 07/02/2023 തീയതി പ്രാബല്യത്തിൽ ടിയാന്റെ രാജി അനുവദിക്കുന്നതിന് കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. ദർശൻലാൽ വി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/90/2023-AGRI)**

ഉത്തരവിൻ പ്രകാരം

Shwathi

സെക്ഷൻ ഓഫീസർ